## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3443    23.06.2014-ൽ മറുപടിയ്ക്ക്**

**<u>രണ്ടാം മാറാട് കലാപം സംബന്ധിച്ച കേസ് അന്വേഷണം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. എളമരം കരീം | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) രണ്ടാം മാറാട് കലാപ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം എന്നാണ് ആരംഭിച്ചത് ; പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടുണ്ടോ ; വ്യക്തമാക്കാമോ ; | (എ) രണ്ടാം മാറാട് കലാപ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം 27.09.2010-ലാണ് ആരംഭിച്ചത്. പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടില്ല. |
| ബി) പ്രസ്തുത കേസ് ഇപ്പോൾ ഏത് സംഘമാണ് അന്വേഷിച്ചു വരുന്നത് ; | (ബി) കോഴിക്കോട് CBCID (HHW-III) എസ്. പി. ശ്രീ. റ്റി. കെ. രാജ്മോഹൻ ഐ.പി.എസ്-ന്റെ നേതൃത്വത്തിലുള്ള സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമാണ് അന്വേഷണം നടത്തി വന്നിരുന്നത്. എന്നാൽ 31.05.2014-ന് അന്വേഷണ ഉദ്യോഗസ്ഥൻ സർവ്വീസിൽ നിന്നും വിരമിച്ചതിനു ശേഷം അന്വേഷണ ഉദ്യോഗസ്ഥനായി ആരെയും നിയമിച്ചിട്ടില്ല. എന്നാൽ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിൽ ഉൾപ്പെട്ട ഡി.വൈ.എസ്.പി. ശ്രീ. ജോസി ചെറിയാന്റെ നേതൃത്വത്തിൽ വിവര ശേഖരണം നടത്തി വരുന്നുണ്ട്. |
| സി) പ്രസ്തുത കേസ് സംബന്ധിച്ച മുൻ അന്വേഷണ ഉദ്യോഗസ്ഥന്റെ വെളിപ്പെടുത്തൽ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; പ്രസ്തുത വെളിപ്പെടുത്തലിലെ വിവരങ്ങൾ സംബന്ധിച്ച് അന്വേഷണത്തിന് തയ്യാറാകുമോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സംബന്ധിച്ചും അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ